**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 431** **11-06-2024 - ൽ മറുപടിയ്ക്ക്**

**നടപ്പ് സാമ്പത്തിക വർഷത്തെ കടമെടുപ്പ് പരിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന് നടപ്പ സാമ്പത്തിക വർഷം കടം എടുക്കാവുന്ന തുക എത്രയെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഓരോ വർഷവും സംസ്ഥാനത്തിന് വായ്പ പരിധി നിശ്ചയിച്ചു നൽകുന്നത്. അതനുസരിച്ച് നടപ്പ് വർഷത്തെ തനി കടമെടുപ്പ് പരിധി മൊത്തം സംസ്ഥാന ആഭ്യന്തരോത്പാദനത്തിന്റെ 3 ശതമാനമാണ്. അതായത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനമായി കേന്ദ്ര സർക്കാർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 12,50,401 കോടി രൂപയുടെ 3 ശതമാനമായ 37,512 കോടി രൂപയാണ് സംസ്ഥാനത്തിന്റെ നടപ്പ് വർഷത്തെ തനി കടമെടുപ്പ് പരിധി. എന്നാൽ നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യ മൂന്ന് പാദത്തേക്ക് 21,253 കോടി രൂപ മാത്രമേ പൊതുവിപണിയിൽ നിന്ന് കടമെടുക്കാൻ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുള്ളൂ. |
| (ബി) | കടം എടുക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയ കേന്ദ്ര സർക്കാർ നിലപാടിനെതിരെ സുപ്രീം കോടതിയെ സമീപിച്ചിരുന്നോ; വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടുന്നതിനും ഭരണഘടന വിഭാവനം ചെയ്യുന്ന സാമ്പത്തിക സഹായങ്ങൾ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതിനുമായി O.S 1/2024 State of Kerala vs Union of India പ്രകാരം സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത ഹർജി ഇപ്പോൾ ഭരണഘടന ബെഞ്ചിന്റെ പരിഗണനയിലാണ്.<br><br>2016 മുതൽ 2020 വരെയുള്ള വർഷങ്ങളിൽ കടം എടുത്ത അധിക തുക പിന്നീടുള്ള വർഷങ്ങളിൽ കുറവു വരുത്താൻ കേന്ദ്ര സർക്കാരിന് അധികാരമുണ്ടെന്ന് O.S 1/2024 State of Kerala vs Union of India എന്ന കേസിൽ സുപ്രീം കോടതി ഉത്തരവിട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | 2016 മുതൽ 2020 വരെയുള്ള വർഷങ്ങളിൽ കടം എടുത്ത അധിക തുക പിന്നീടുള്ള വർഷങ്ങളിൽ കുറവു വരുത്താൻ കേന്ദ്ര സർക്കാരിന് അധികാരമുണ്ടെന്ന സുപ്രീം കോടതി ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ആയത് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടുന്നതിനും ഭരണഘടന വിഭാവനം ചെയ്യുന്ന സാമ്പത്തിക സഹായങ്ങൾ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതിനുമായി O.S 1/2024 State of Kerala vs Union of India പ്രകാരം സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത ഹർജി ഇപ്പോൾ ഭരണഘടന ബഞ്ചിന്റെ പരിഗണനയിലാണ്.<br><br>2016 മുതൽ 2020 വരെയുള്ള വർഷങ്ങളിൽ കടം എടുത്ത അധിക തുക പിന്നീടുള്ള വർഷങ്ങളിൽ കുറവു വരുത്താൻ കേന്ദ്ര സർക്കാരിന് അധികാരമുണ്ടെന്ന് O.S 1/2024 State of Kerala vs Union of India എന്ന കേസിൽ സുപ്രീം കോടതി ഉത്തരവിട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ